"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി - എക്സൈസ് - ഭരണപരം - ശ്രീ. സുനിൽകുമാർ എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ (തിരുവനന്തപുരം) മുൻപാകെ ഫയൽ ചെയ്ത **OA(EKM)No.1401/2025**-ലെ ഉത്തരവ് - നടപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.421/2026/TAXES തീയതി,തിരുവനന്തപുരം, 12-05-2026

---

പരാമർശം:- **OA (EKM) No.1401/2025** - ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച **15.12.2025**-ലെ ഉത്തരവ്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ എക്സൈസ് റെയ്ഞ്ച് ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. സുനിൽകുമാർ എസ്, എക്സൈസ് വകുപ്പിൽ **20** വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ടെന്നും അതിനാൽ അസി. എക്സൈസ് ഇൻസ്പെക്ടറുടെ ഗ്രേഡ് അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടിയാൻ എക്സൈസ് വകുപ്പ് വിട്ട് മൃഗസംരക്ഷണവകുപ്പിൽ സേവനത്തിലിരുന്ന **10.09.2004** മുതൽ **01.05.2007** വരെയുള്ള കാലയളവും ചേർത്താണ് ടി **20** വർഷകാലയളവ് പൂർത്തിയായത് എന്നതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം വ്യത്യസ്ത തസ്തികകളിലെ സേവനം പരിഗണിച്ച് സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാൻ കഴയാത്തതിനാൽ, ടിയാന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ സമയബന്ധിത ഹയർഗ്രേഡ് ടിയാൻ ആവശ്യപ്പെട്ട പ്രകാരം അനുവദിച്ച് നൽകാൻ കഴിയില്ലായെന്ന് അറിയിച്ചിരുന്നു. ഇതിനെതിരെ ടിയാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM)No.1401/2025 ഫയൽ ചെയ്തിരുന്നു.

**2.** പരാമർശത്തിലെ ഉത്തരവിൽ ബഹു.ട്രിബ്യൂണൽ ചുവടെ പറയും പ്രകാരം ഉത്തരവായിരുന്നു.

In view of the fact that the applicant has already approached the first respondent with Annexure A18 representation, the first respondent is directed to consider and pass orders on the said representation within a period of three months from the date of receipt of a-copy of this order, after hearing the applicant. It is made clear that all proceedings pursuant to Annexures A17, A19, A22 and A23 shall be kept in abeyance till a decision is taken on Annexure A18.

**3.** ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സുനിൽകുമാർ എസ്-നെ നികുതി വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി **29.01.2026**-ൽ നേരിൽ കേൾക്കുകയുണ്ടായി. ടിയാന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

"ഞാൻ **26.02.2003 FN** തീയതി എക്സൈസ് ഡിപ്പാർട്ട്മെന്റിൽ എക്സൈസ് ഗാർഡ് (ഇപ്പോൾ സിവിൽ എക്സൈസ് ഓഫീസർ) ആയി ജോലിയിൽ പ്രവേശിക്കുകയും, തുടർന്ന് മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ആയി നിയമനം ലഭിക്കയാൽ **09.09.2004 AN**-ന് റിലീവ് ചെയ്ത് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറായി മൃഗസംരക്ഷണവകുപ്പിൽ **10.09.2004**-നു ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽനിന്ന് **KS&SSR Rule 8** ലെ വ്യവസ്ഥ പ്രകാരം **02.05.2007 FN**-ന് റിലീവ് ചെയ്ത് അന്നേദിവസംതന്നെ എക്സൈസ് ഗാർഡ് ആയി എക്സൈസ് ഡിപ്പാർട്ട്മെന്റിൽ പുനർനിയമിതനാവുകയും ചെയ്തു. **28.4.2019**-ലെ എഫ് **1/259/2019**/നി.വ. നം. സർക്കാർ കത്തുപ്രകാരം **26.02.2011** തീയതി വെച്ച് എനിക്ക് നികുതി വകുപ്പ് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിരുന്നു.

**20**വർഷം സർവീസ് പൂർത്തിയായിട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ആയി ഡെസിഗ്നേഷൻ മാറ്റം അനുവദിച്ചു ലഭിക്കുന്നതിനായി നികുതി വകുപ്പിലേക്ക് ഞാൻ ഉചിതമാർഗേണ **30.3.2024** തീയതിയായി അപേക്ഷ സമർപ്പിച്ചതിൽ

**29.11.2019**-ലെ എഫ് **1/259/2019**/നി.വ. നം. സർക്കാർ കത്തുപ്രകാരം എനിക്ക് ആദ്യം അനുവദിച്ചിട്ടുള്ള ഹയർഗ്രേഡ് നിരസിച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞതായും എന്നാൽ ഇങ്ങനെയൊരു കത്ത് ഉള്ളതായോ അതിൻപ്രകാരം ഗ്രേഡുകൾ നിരസിച്ചിട്ടുണ്ടെന്നോ ഉള്ള അറിയിപ്പുകളൊന്നും തന്നെ ലഭിച്ചിരുന്നില്ല എന്നുള്ള വിവരവും അറിയിച്ചിരിക്കുന്നു. അന്ന് അനുവദിച്ചു തന്നിരുന്ന ഹയർഗ്രേഡ് റദ്ദാക്കി അധികം കൈപ്പറ്റിയ തുകകൾ ആയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അവർകൾ അധികം വാങ്ങിച്ചിട്ടുള്ള **4,34,231/-**രൂപ തിരിച്ചടച്ചു ചലാൻ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്.

**KS&SSR Part II** ജനറൽ റൂൾ **8** പ്രകാരം ഒരു വ്യക്തി മാതൃവകുപ്പിൽ നിന്നും മറ്റൊരു ഡിപാർട്ട്മെന്റിലേക്ക് പോയി തിരികെ മാതൃവകുപ്പിലേക്കുതന്നെ തിരിച്ചു വരുന്നപക്ഷം **08.02.2013**-ലെ **P&ARD**-യുടെ **2517/R1/2013/P&ARD** നമ്പർ സർക്കുലർ **( para 7), 14.06.2013**-ലെ **GO(P)No.19/2013/P&ARD** നമ്പർ ഗസറ്റ് നോട്ടിഫിക്കേഷൻ പാര **3, KS&SSR** ജനറൽ റൂൾ **8** എന്നിവ പ്രകാരം നിർദിഷ്ട കാലയളവിനുള്ളിൽ, **Confirmation** ആകുന്നതിനുമുൻപ് തിരിച്ചു വരുകയാണെങ്കിൽ പ്രൊബേഷൻ, സീനിയോറിറ്റി Service as a full member എന്നിങ്ങനെ മാത്ൃ വകുപ്പിൽ തുടർന്നിരുന്നുവെന്നതുപോലെ കണക്കാക്കി നൽകണമെന്ന് പറയുന്നുണ്ട്. സമയബന്ധിത ഹയർ ഗ്രേഡ്, സർവീസിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ട ആനുകൂല്യമാണ്. സീനിയോറിറ്റി ലഭിക്കുന്നപക്ഷം റെഗുലർ പ്രമോഷൻ ഇത്തരക്കാർക്ക് ലഭിക്കുന്നുണ്ട്. ഇപ്രകാരം കേഡർ പ്രമോഷൻ ലഭിക്കാത്തവർക്കു ലഭിക്കുന്ന consolation ആണ് ഗ്രേഡ്. മാതൃവകുപ്പിലേക്ക് തിരിച്ചുവരുന്ന ജീവനക്കാർക്ക് ഹയർഗ്രേഡ് കാലാവധിക്കുള്ളിൽ (ആദ്യ **8** വർഷം) റെഗുലർ പ്രമോഷൻ വരുന്നപക്ഷം ആയത് ലഭിക്കുന്നുണ്ട്. എന്നാൽ ഒന്നാം സമയബന്ധിത ഹയർഗ്രേഡുമാത്രം അനുവദിക്കുവാൻ സർക്കാർ

വിസമ്മതിക്കുകയാണ്. ഇത് ചട്ടങ്ങളുടെയും സ്വാഭാവികമായ മാനുഷിക നീതിയുടെയും നഗ്നമായ ലംഘനമാണ്. ആയതിനാൽ **KS&SSR** റൂൾ **8**-ന്റെ വ്യവസ്ഥകളനുസരിച്ചു മാതൃവകുപ്പിലേക്ക് തിരിച്ചു വന്ന ടിയാന് സമയബന്ധിത ഹയർഗ്രേഡ് ലഭിക്കുന്നതിന് ന്യായമായും അർഹതയുണ്ടെന്നു മാത്രമല്ല, ഇപ്രകാരമുള്ള ഒരു ഉദ്യോഗസ്ഥന് സമയബന്ധിത ഹയർ ഗ്രേഡ് നൽകാതെ ജൂനിയറിന് നൽകുന്നത് statutory rule (KS&SSR Rule 8-ന്റെ കൂടി ലംഘനവുമാണെന്നും വാദിക്കുന്നു.

**KS&SSR Rule 8** പ്രകാരം മാതൃ വകുപ്പിലേയ്ക്ക് തിരിച്ചു വരുന്ന ഒരാൾക്ക് ടിയാൻ പോയ വകുപ്പിലെ സേവനകാലം **Notional** ആയി പാരന്റ് ഡിപ്പാർട്ട്മെന്റിൽ തുടർന്നിരുന്നുവെന്നതുപോലെ കണക്കാക്കി എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്നു വ്യക്തമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാന് **F1-30/2018**/നി.വ. തീയതി **28.04.2019** നമ്പർ കത്തുപ്രകാരം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളതാണ്. ടി കാലയളവിനുള്ളിൽ ടിയാൻ Pay Protection വഴി അധികം വാങ്ങിയ തുക തിരിച്ചടച്ചിട്ടുമുണ്ട്. എന്നാൽ, **30.03.2024**-ൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ആയി ഡെസിഗ്നേഷൻ ചേഞ്ച് അനുവദിച്ചു ലഭിക്കുന്നതിന് സർക്കാരിൽ അപേക്ഷ സമർപ്പിച്ചപ്പോഴാണ് **29.11.2019**-ലെ എഫ്**1-259/19**/നി.വ. കത്തുപ്രകാരം ടിയാന് അനുവദിച്ചിരുന്ന ഹയർ ഗ്രേഡ് അനുവദിക്കാൻ കഴിയില്ലെന്ന് **16.12.2024**-ൽ അറിയുന്നത്. അതിൽ പറയുന്നത് ഒരു തസ്തികയിൽ നിശ്ചിതവർഷ യോഗ്യതാസേവനം പൂർത്തിയാക്കിയിട്ടും പ്രമോഷൻ ലഭിക്കാത്ത സാഹചര്യങ്ങളിലാണ് ഗ്രേഡ് അനുവദിക്കേണ്ടത്. എന്നാൽ, **Rule 8 KS&SSR** പ്രകാരം ആദ്യ തസ്തികയിലേക്ക് പുനഃപ്രവേശിക്കുന്ന ജീവനക്കാർക്കു രണ്ടാമത്തെ വകുപ്പിലെ സേവനകാലം കണക്കാക്കി ഗ്രേഡ് അനുവദിക്കാൻ കഴിയില്ലെന്ന് പറയുന്നു. എന്നാൽ, **Rule 8** പ്രകാരം എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നും പറയുന്നു. മാത്രമല്ല, ഏത് ഉത്തരവുപ്രകാരമാണ് ഹയർ ഗ്രേഡ് നല്കാൻ പാടില്ല എന്നുള്ളത് അതിൽ

വ്യക്തമാക്കുന്നില്ല. **2018** മാർച്ച് മാസം ഞാൻ സമയബന്ധിത ഹയർഗ്രേഡിനായി സമർപ്പിച്ച അപേക്ഷ ഫിനാൻസ്, Law Department തുടങ്ങിയ വകുപ്പുകളിലേക്ക് അയച്ചു. അവരുടെ പരിശോധനകൾ കഴിഞ്ഞു ഏതാണ്ട് ഒന്നര വർഷം കഴിഞ്ഞാണ് **F1/130//2018**/നി.വ പ്രകാരം എനിക്ക് ഹയർ ഗ്രേഡ് അനുവദിച്ചത്. എന്നാൽ, പിന്നീട് ഇത് വീണ്ടും ഫിനാൻസിലേക്ക് പോയതെങ്ങിനെയെന്നു വ്യക്തമാകുന്നില്ല. 19.10.2018-ലെ GO(P)141/2019/ധന എന്ന ഒരു ഉത്തരവ് കാണുന്നു. ആയതിൽ ഹയർ ഗ്രേഡ് സ്പഷ്ടീകരണം, **26.04.2000**-ലെ **24/2000**/ധന നമ്പർ സർക്കുലറിൽ പ്രതിപാദിക്കുന്നു. ടി ഉത്തരവ് വെച്ചിട്ടാണ് എനിക്ക് അനുവദിച്ച ഹയർ ഗ്രേഡ് തടഞ്ഞിരിക്കുന്നതെങ്കിൽ എനിക്ക് ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ള **29.04.2019** തീയതിക്കുശേഷമാണ് മേൽ ഉത്തരവ് ഇറങ്ങിയിരിക്കുന്നത്. അതുപ്രകാരം എനിക്ക് അനുവദിച്ച സമയബന്ധിത ഹയർഗ്രേഡ് തിരിച്ചു പിടിക്കുന്നത് തികച്ചും തെറ്റാണ്. Entry cadre കാലയളവ് കണക്കാക്കിയാണ് **TBHG** അനുവദിക്കേണ്ടതെന്നും, **ACP** സ്കീം, ഗ്രേഡ് അനുവദിക്കേണ്ട കാലയളവുകൾ, ഒന്നിൽ കൂടുതൽ 28(A) ഫിക്സേഷനുകൾ എന്നിവ ഇതിൽ പ്രതിപാദിക്കുന്നു. എന്നാൽ, KS&SSR ജനറൽ റൂൾ **8** പ്രകാരം ആദ്യ സർവീസിലേക്ക് പുനഃപ്രവേശിക്കുന്ന ജീവനക്കാരുടെ ഗ്രേഡ് സംബന്ധമായ കാര്യങ്ങളൊന്നും അതിൽ വ്യക്തമാക്കുന്നില്ല. മാത്രമല്ല, വിട്ടുപോയ വകുപ്പിലെ സർവീസ് നോഷണൽ ആയി മാതൃവകുപ്പിലെ സർവീസ് ആയി പരിഗണിക്കുന്നതിലൂടെ എൻട്രി കേഡർ സർവീസ് നിലനിർത്തപ്പെടുന്നുമുണ്ട്. ഈ ഉത്തരവ് വെച്ചാണ് അനുവദിച്ച **TBHG** തടഞ്ഞിട്ടുള്ളത് എങ്കിൽ ആയത് തന്നെ ബാധിക്കുന്ന കാര്യമായി വരുന്നില്ലായെന്നും ബോധിപ്പിച്ചു.

**13.06.2016**-ലെ **9535/F1/2015**/നിവ നമ്പർ ഉത്തരവുപ്രകാരം **KS&SSR Rule 8** പ്രകാരം റവന്യൂ ഡിപ്പാർട്ട്മെന്റിൽ **LD** ക്ലർക്ക് തസ്തികയിൽ പോയി തിരികെ എക്സൈസ് ഗാർഡായി (സിവിൽ എക്സൈസ് ഓഫീസർ )

പാരന്റ് ഡിപ്പാർട്ട്മെന്റായ എക്സൈസിലേക്കു തിരിച്ചുവന്ന പാലക്കാട് ജില്ലയിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. ജമാലുദ്ദീൻ **A.H.** എന്നയാൾക്ക് ടിയാൻ പോയ റവന്യൂ ഡിപ്പാർട്ട്മെന്റിലെ **LD** ക്ലർക്ക് കാലയളവ് കണക്കാക്കി സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളതായി കാണുന്നു. ടിയാൻ പാരന്റ് ഡിപ്പാർട്ട്മെന്റായ എക്സൈസിലേയ്ക്ക് എക്സൈസ് ഗാർഡായി പുനഃപ്രവേശിച്ച സമയത്ത് ടിയാൻ പോയ റവന്യു ഡിപ്പാർട്ട്മെന്റിലെ **LD** ക്ലർക്ക് തസ്തികയിലുള്ള **17.08.2011** മുതൽ **16.11.2014** വരെയുള്ള സേവനകാലം കൂടി കണക്കാക്കി **I, II** സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ചിട്ടുണ്ട്. ടിയാന് അനുവദിച്ചിട്ടുള്ള സമയബന്ധിത ഹയർ ഗ്രേഡുകൾ സർക്കാരോ ഫിനാൻസ് ഡിപ്പാർട്ട്മെന്റോ ഇതുവരെ തടഞ്ഞിട്ടില്ലാത്തതും, ഇപ്പോൾ ടിയാൻ മൂന്നാം സമയബന്ധിത ഹയർഗ്രേഡിനു യോഗ്യത നേടിയിട്ടുമുണ്ട്. മേൽപ്രകാരം തനിക്ക് അനുവദിച്ച സമയബന്ധിത ഹയർ ഗ്രേഡ് മാത്രമാണ് ടാക്സസ് ഡിപ്പാർട്ട്മെന്റ് നിഷേധിച്ചിട്ടുള്ളത്. ആയത് ശരിയായ നടപടി അല്ലാത്തതും, സ്വാഭാവികമായും തനിക്ക് ലഭിക്കേണ്ട സ്വാഭാവികനീതിയുടെ നിഷേധവുമാണ്. മാത്രമല്ല, മറ്റു പലർക്കും കോടതി ഉത്തരവുകളിലൂടെയും മറ്റും ഹയർഗ്രേഡുകൾ ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഓഫീസിൽനിന്നും പാസ്സാക്കി നൽകിയിട്ടുണ്ട്. ഇക്കാര്യം ഗൗരവമായി പുനഃപരിശോധന നടത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഒരിക്കൽ പാസ്സാക്കിത്തന്ന തന്റെ ഹയർ ഗ്രേഡ് നിഷേധിച്ച സാഹചര്യത്തിൽ ടിയാന് അനുവദിച്ചതും നിഷേധിക്കേണ്ടതാണ്. എന്നാൽ, അപ്രകാരം ചെയ്തതായി കാണുന്നില്ല. ആയതിനാൽ തനിക്കുമാത്രം ഗ്രേഡ് നിഷേധിക്കരുതെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

മേൽപ്രകാരം **29.11.2019**-ലെ **F1-259/2019**/നി.വ. എന്ന ഒരു ഉത്തരവ് (കത്ത്) തന്നെ നിലവിലുള്ളതായി ഞാനറിയുന്നത് **30.03.2024**-ലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ഡെസിഗ്നേഷൻ ചെയ്ഞ്ച് ലഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിലേയ്ക്ക് സമർപ്പിച്ചപ്പോൾ മാത്രമാണ്. മേൽ കത്ത് എന്നാണ് മലപ്പുറം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്ക്

ലഭിച്ചിട്ടുള്ളതെന്നു **08.04.2025**-ന് വിവരാവകാശ നിയമപ്രകാരം അപേക്ഷിച്ചതിൽ മാത്രമാണ് **16.12.2024**-നു മാത്രമാണ് അത്തരമൊരു കത്ത് മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് ലഭിച്ചിട്ടുള്ളതെന്ന് അതു വെളിവാക്കുന്നുണ്ട്. വലിയ ഒരു കാലതാമസം ആയത് എന്നെ അറിയിക്കുന്നതിൽ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഇക്കാലയളവിൽ 2/2011 മുതൽ 8/2025 വരെ 4,34,231/-രൂപ തിരിച്ചടക്കുന്നതിനു ബഹു:എക്സൈസ് കമ്മീഷണർ, മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നിവർ കത്ത് നൽകിയിട്ടുണ്ട്. ഇത്രയും ഭാരിച്ച ഒരു തുക എനിക്കു വന്നത് നേരത്തെ അനുവദിച്ച ഹയർഗ്രേഡ് നിരസിച്ച കാര്യം എന്നെ യഥാസമയം അറിയിക്കാത്തതുകൊണ്ടാണ്. ഇത്രയും ഭാരിച്ച ഒരു തുക തിരിച്ചടക്കുന്നതിനു സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുന്ന എനിക്ക് വളരെ പ്രയാസകരമാണ്. മാത്രവുമല്ല, ക്ലാസ് **3** ജീവനക്കാർക്ക് **5** വർഷത്തിൽ കൂടുതലുള്ള തന്റേതല്ലാത്ത കാരണത്താൽ വരുന്ന കുടിശ്ശികകൾ ഈടാക്കാൻ പാടില്ലെന്ന് ബഹു :സുപ്രീം കോടതിയുടെ " State of Punjab V/s Rafeeq Masih and Others (2015) 4 SCC 334, ബഹു : കേരള ഹൈക്കോടതിയുടെ State of Kerala V/s Abraham P. Joseph 202\(2)KLT 288, State of Kerala V/s PV Priya 2022 (5) KHC SN 8 എന്നിങ്ങനെ കോടതി വിധികളുമുണ്ട്. മേൽപ്രകാരം ബോണ്ട് എക്സിക്യൂട്ട് ചെയ്തിട്ടുണ്ടെങ്കിൽ കൂടി അത് ഈടാക്കാൻ പാടില്ലെന്നു പറയുന്നു. മേൽ കാര്യങ്ങൾ സമക്ഷത്തിങ്കൽനിന്ന് ദയവായി പരിഗണിച്ച് എന്റെ തിരിച്ചടവ് ഒഴിവാക്കി തരണമെന്നും, ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ള **F1-130/2018**/നിവ തീയതി **29.04.2019** നമ്പർ ഉത്തരവ് പുനഃസ്ഥാപിച്ചു തരണമെന്നും താഴ്മയായി ബോധിപ്പിക്കുന്നു .

**30.03.2024**-ലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ഡെസിഗ്നേഷൻ ചേഞ്ച് ലഭിക്കുന്നതിനായി ഞാൻ അപേക്ഷ സമർപ്പിച്ചപ്പോഴാണ് മേൽപ്രകാരം സംഭവിച്ചത്. ഞാൻ ഡെസിഗ്നേഷൻ ചേഞ്ചിനു അപേക്ഷ സമർപ്പിച്ചില്ലായിരുന്നെങ്കിൽ ഇപ്രകാരം

സംഭവിക്കുമായിരുന്നില്ല. എന്നാൽ, ഡെസിഗ്നേഷൻ ചേഞ്ചിന് അപേക്ഷ സമർപ്പിച്ചിട്ട് ഏകദേശം ഒന്നര വർഷമായിട്ടും മേൽ വിഷയത്തിൽ തീരുമാനമായിട്ടില്ല. പാരന്റ് ഡിപ്പാർട്ട്മെന്റിലേക്കു KS&SSR Rule 8 പ്രകാരം തിരിച്ചുവരുന്ന ജീവനക്കാർക്കു മാതൃവകുപ്പിൽ തുടർന്നിരുന്നുവെന്നതുപോലെ കണക്കാക്കി സീനിയോറിറ്റി തുടങ്ങി എല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന് പറയുന്നുണ്ട്. ഇപ്രകാരം ഡെസിഗ്നേഷൻ ചേഞ്ച് നൽകുകയാണെങ്കിൽ സർക്കാരിന് അധിക സാമ്പത്തികബാധ്യതകളൊന്നും വരുന്നില്ല. ആയതിനാൽ എനിക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ആയി ഡെസിഗ്നേഷൻ ചേഞ്ച് അനുവദിക്കുന്നതിനു ഇനിയും കാലതാമസം വരുത്താതെ അനുവദിച്ചു തരണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടു.

4. പ്രസ്തുത വിഷയത്തിൽ എക്സൈസ് കമ്മീഷണർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

മലപ്പുറം എക്സൈസ് ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. സുനിൽകുമാർ എസ് എക്സൈസ് വകുപ്പിൽ 20 വർഷം സേവനം പുർത്തീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടറുടെ ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിച്ച് നൽകണമെന്നും അഭ്യർത്ഥിച്ച് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടിയാൻ എക്സൈസ് വകുപ്പ് വിട്ട് മൃഗസംരക്ഷണ വകുപ്പിൽ സേവനത്തിലിരുന്ന രണ്ടരവർഷ കാലയളവുകൂടി കണക്കിലെടുത്താണ് 20 വർഷക്കാലയളവ് പൂർത്തിയാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും കത്തുകളും പ്രകാരം ടിയാന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിച്ചു നൽകുവാൻ നിർവ്വാഹമില്ലാത്തതാണെന്ന് അറിയിച്ചിട്ടുള്ളതാണ്.

എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. സുനിൽകുമാർ എസ്. 26.02.2003 FN-ന് എക്സൈസ് ഗാർഡായി മലപ്പുറം ഡിവിഷനിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന്, എക്സൈസ് വകുപ്പിൽനിന്ന് 09.09.2004 തീയതിയിൽ വിടുതൽചെയ്ത് 10.09.2004-ന് മൃഗസംരക്ഷണ വകുപ്പിൽ

ജോലിയിൽ പ്രവേശിക്കുകയും **02.05.2007**-ന് മൃഗസംരക്ഷണ വകുപ്പിൽനിന്ന് വിടുതൽചെയ്ത് അന്നേദിവസംതന്നെ തിരികെ മാതൃവകപ്പിൽ പുനഃപ്രവേശിച്ചിട്ടുള്ളതുമാണ്. ടിയാന് ഒന്നാം സമയബന്ധിത ഹയർഗ്രേഡ് **26.02.2011 FN** പ്രാബല്യത്തിലും രണ്ടാം സമയബന്ധിത ഹയർഗ്രേഡ് **26.02.2018 FN** പ്രാബല്യത്തിലും അനുവദിച്ചു നൽകിയിരുന്നു.

അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ഡെസിഗ്നേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിലെ സേവനകാലം സംബന്ധിച്ച വിവരം മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറോട് ആരാഞ്ഞതിൽ ടിയാന് **8, 15** വർഷങ്ങളിലെ സമയബന്ധിത ഹയർ ഗ്രേഡുകൾ ഇതരവകുപ്പിലെ (മൃഗസംരക്ഷണ വകുപ്പ്) സേവനകാലംകൂടി പരിഗണിച്ചാണ് അനുവദിച്ചു നൽകിയതെന്ന് മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ **20.01.2025**-ലെ എം**1-1104/2024** നമ്പർ കത്തുപ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

**29.11.2019**-ലെ നികുതി-എഫ്**1/259/2019**/നികുതി നമ്പർ സർക്കാർ കത്തിൽ ശ്രീ.സുനിൽ കുമാർ എസ്.ന് സമയബന്ധിത ഹയർ ഗ്രേഡ് **(8, 15** വർഷങ്ങളിൽ**)** അനുവദിച്ചു നൽകിയത് ചട്ടവിരുദ്ധമാണെന്ന് അറിയിച്ചിട്ടുള്ളതും അതിനാൽ ടിയാന് അനുവദിച്ചു നൽകിയ സമയബന്ധിത ഹയർ ഗ്രേഡുകൾ റദ്ദു ചെയ്ത് എക്സൈസ് വകുപ്പിലെ സേവനകാലയളവുമാത്രം പരിഗണിച്ച് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നതിനും, ഇപ്രകാരം ചട്ടവിരുദ്ധമായി സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചതിനെ തുടർന്ന് ടിയാൻ അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കുന്നതിനും മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീണർക്ക് **16.07.2025**-ലെ **EXC/2165/2024-XD3** കത്തുപ്രകാരം നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അതിൻപ്രകാരം ശ്രീ.സുനിൽ കുമാറിന് അനുവദിച്ച സമയബന്ധിത ഹയർ ഗ്രേഡുകൾ പുനഃക്രമീകരിക്കുന്നതിനും ടിയാൻ അധികമായി കൈപ്പറ്റിയ **4,34,231/-** രൂപ (നാലു ലക്ഷത്തി മുപ്പത്തിനാലായിരത്തി ഇരുന്നൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) തിരികെ പിടിച്ച് ചെലാൻ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിനും പെരിന്തൽമണ്ണ റേഞ്ച് ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടർക്ക് മലപ്പുറം ഡെപ്യൂട്ടി എക്സൈസ്

കമ്മീഷണർ നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത നടപടിക്കെതിരെ ശ്രീ.സുനിൽ കുമാർ എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA (EKM) 1401/2025 നമ്പർ കേസ് ഫയൽ ചെയ്യുകയും ആയതിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

കെ.എസ്. & എസ്.എസ്.ആർ. ചട്ടം 8-ൽ, സേവനത്തിൽനിന്നും വിട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

അതുപ്രകാരം ആദ്യസർവ്വീസിലെ സേവനത്തിൽനിന്നും വിട്ടുനിന്ന കാലയളവ്, ടി സേവനത്തിൽ ഉണ്ടായിരുന്നുവെങ്കിലെന്നതുപോലെ പരിഗണിച്ച് നിയമനം, സീനിയോറിറ്റി, പ്രൊബേഷൻ തുടങ്ങിയവയ്ക്ക് കണക്കാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ സമയബന്ധിത ഹയർ ഗ്രേഡ് അതാത് വകുപ്പുകളിലെ നിശ്ചിത സേവനകാലയളവുമാത്രം പരിഗണിച്ച് നൽകുന്നതും മേൽ ചട്ടത്തിൽ അതു സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമാണ്. അതിനാൽ എക്സൈസ് വകുപ്പിലെ സേവനേതര കാലയളവ് മേൽ ചട്ടപ്രകാരം ടി ജീവനക്കാരന്റെ സീനിയോറിറ്റിക്കും മറ്റും പരിഗണിക്കാവുന്നതാണെങ്കിലും സമയബന്ധിത ഹയർ ഗ്രേഡിന് ചട്ടപ്രകാരം പരിഗണിക്കുവാൻ പാടില്ലാത്തതാണെന്ന വിവരം അറിയിക്കുന്നു.

5. ഹർജിക്കാരനായ എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ.സുനിൽ കുമാർ.എസ്-ന്റെ വാദങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 08/08/2008 തീയതിയിലെ നം.46/2008/ഫിൻ സർക്കുലറിലും കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവുകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. "In all cases of appointments by direct recruitment either through PSC or through Employment Exchange (where the appointment was regularized in consultation with PSC) the employee concerned will be granted time bound higher grade only on

completion of the prescribed qualifying service in that post." എന്ന് ടി സർക്കുലറിലെ ഖണ്ഡിക 7-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏഴാം ശമ്പള പരിഷ്ക്കരണ ഉത്തരവായ 25.11.1998 ലെ GO (P) No. 3000/98/Fin സർക്കാർ ഉത്തരവിലെ ഖണ്ഡിക 5(1)(b) 11 പ്രകാരം പ്രവേശന തസ്തികയെ അടിസ്ഥാനമാക്കിയാണ് സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവേശന തസ്തികയെ അടിസ്ഥാനമാക്കി മാത്രമേ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാൻ കഴിയുകയുള്ളൂ എന്നത് സമയ ബന്ധിത ഹയർ ഗ്രേഡുമായി ബന്ധപ്പെട്ട അടിസ്ഥാന ചട്ടം എന്നതിനാൽ തന്നെ എട്ടാം ശമ്പള പരിഷ്ക്കരണ ഉത്തരവായ 25.03.2006 ലെ GO (P) No. 145/2006/Fin സർക്കാർ ഉത്തരവിലെ അനക്സർ 3 ഖണ്ഡിക 16 ലും തുടർന്നുള്ള എല്ലാ ശമ്പള പരിഷ്ക്കരണ ഉത്തരവുകളിലും ആയത് വ്യക്തമാക്കിയിട്ടുണ്ട്. സമയബന്ധിത ഹയർഗ്രേഡുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം ഒരു തസ്തികയിൽ നിശ്ചിത വർഷ യോഗ്യതാ സേവനം പൂർത്തിയാക്കിയിട്ടും പ്രൊമോഷൻ ലഭിക്കാതെ വരുന്ന സാഹചര്യത്തിലാണ് സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചു നൽകുന്നത്. ആയതിനാൽ വ്യത്യസ്ത തസ്തികകളിലെ സേവനകാലയളവുകൾ കണക്കിലെടുത്ത് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നതിന് കഴിയുകയില്ല. ഇതു കൂടാതെ ചുവടെ ചേർക്കുന്ന കോടതി ഉത്തരവുകളിലും (attached below) വ്യത്യസ്ത തസ്തികകളിലെ സേവനം പരിഗണിച്ച് സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാൻ കഴിയുകയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1. Judgement dtd 05/10/2006 in WA No. 1510 & 1530 of 2006.
2. Judgement dtd 14/06/2007 in WA No. 917 of 2006
3. Judgement dated 24/06/2009 n WA No. 1209 of 2009
4. Order dtd 25/02/2014 in TA No. 1478/2012.

6. ശ്രീ.സുനിൽ കുമാർ, ടിയാന്റെ ആദ്യ സർവ്വീസായ പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിന്നും മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ആയി നിയമനത്തിൽ പ്രവേശിച്ചതിനു ശേഷം **Part II KS&SSR's Rule 8**-ലെ വ്യവസ്ഥകൾ പ്രകാരം എക്സൈസ് ഡിപ്പാർട്ട്മെന്റിൽ തിരികെ

പ്രവേശിച്ചെങ്കിലും ടിയാൻ ആദ്യ സർവ്വീസിൽ നിന്നും വിട്ടുനിന്ന കാലയളവ്, **KS&SSR's Part II** റൂൾ **8** പ്രകാരം ആദ്യനിയമനത്തിൽ സേവനത്തിൽ ഉണ്ടായിരുന്നുവെങ്കിലെന്നതുപോലെ പരിഗണിച്ച് നിയമനം, സീനിയോറിറ്റി പ്രൊബേഷൻ തുടങ്ങിയവയ്ക്ക് കണക്കാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നുവെങ്കിലും സമയബന്ധിത ഹയർ ഗ്രേഡ് അതതു വകുപ്പുകളിലെ നിശ്ചിത സേവനകാലയളവുമാത്രം പരിഗണിച്ചുമാത്രമേ നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലെ സേവനകാലയളവ് എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ തസ്തികയിലെ സേവനത്തോടൊപ്പം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് പരിഗണിക്കാൻ കഴിയില്ല.

**7.** ഈ സാഹചര്യത്തിൽ, സമയബന്ധിത ഹയർ ഗ്രേഡ് അതതു വകുപ്പുകളിലെ നിശ്ചിത സേവനകാലയളവുമാത്രം പരിഗണിച്ചുമാത്രമേ നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, മലപ്പുറം പെരിന്തൽമണ്ണ എക്സൈസ് റെയ്ഞ്ച് ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. സുനിൽകുമാർ എസ്. ന് മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലെ സേവനകാലയളവ് എക്സൈസ് വകപ്പിലെ പ്രിവന്റീവ് ഓഫിസർ തസ്തികയിലെ സേവനത്തോടൊപ്പം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് പരിഗണിക്കാൻ കഴിയില്ലായെന്ന് നിഷ്കർഷിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**8.** മേൽ പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശത്തിലെ ഉത്തരവ് നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്

**1.** അഡ്വക്കേറ്റ് ജനറൽ ഓഫീസ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
**2.** എക്സൈസ് കമ്മീഷണർ , തിരുവനന്തപുരം
**3.** ശ്രീ. സുനിൽകുമാർ എസ്, പ്രിവന്റീവ് ഓഫീസർ, പെരിന്തൽമണ്ണ

എക്സൈസ് റെയ്ഞ്ച് ഓഫീസ്, മലപ്പുറം (എക്സൈസ് കമ്മീഷണർ മുഖേന)

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.
5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
6. കരുതൽ ഫയൽ:/ഓഫീസ് കോപ്പി (എഫ്1/207/2025-നികുതി).

ഉത്തരവിൻ പ്രകാരം

Signed by

Vivil Kumar

സെക്ഷൻ ഓഫീസർ

Date: 13-05-2026 11:24:00